# പതിമൂന്നാം കേരള നിയമസഭ
## (ഒൻപതാം സമ്മേളനം)

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :4935 — 01/07/13-ൽ മറുപടിക്ക്

**<u>മത്സ്യം വളർത്തലിന് സ്വയം സഹായ സംഘങ്ങൾ വഴി വിതരണം ചെയ്യുന്ന തുക</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി. തിലോത്തമൻ: | ശ്രീ.കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) : |
| (എ) ഉൾനാടൻ പ്രദേശങ്ങളിൽ മത്സ്യം വളർത്തലിന് ഫിഷറീസ് വകുപ്പ് നൽകുന്ന സാമ്പത്തിക സഹായം എത്രയാണെന്നും അത് ഏത് ഏജൻസി വഴിയാണ് വിതരണം ചെയ്യുന്നതെന്നും വെളിപ്പെടുത്തുമോ; ജില്ലാ തലത്തിൽ സ്വയം സഹായ സംഘങ്ങൾ വഴി വിതരണം ചെയ്യുന്ന പ്രസ്തുത തുക പരമ്പരാഗത മത്സ്യത്തൊഴിലാളികളിൽ നല്ലൊരു ശതമാനത്തിനും സ്വയം സഹായസംഘത്തിലെ അംഗങ്ങളല്ല എന്ന കാരണത്താൽ ലഭിക്കുന്നില്ല എന്ന കാര്യം ബോധ്യപ്പെട്ടിട്ടുണ്ടോ; ഇത് അടിയന്തിരമായി പരിഹരിക്കുമോ ; | (എ) ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള 75% കേന്ദ്രസഹായ പദ്ധതി പ്രകാരം മത്സ്യകർഷക വികസന ഏജൻസി മുഖേന നല്കിവരുന്ന സാമ്പത്തിക സഹായം സംബന്ധിച്ച വിവരം അനുബന്ധമായി ഉൾപ്പെടുത്തുന്നു. രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി പ്രകാരം കൂടുകളിൽ മത്സ്യം വളർത്തുന്നതിനായി 50 ലക്ഷം രൂപ അടങ്കൽ തുക വരുന്ന പദ്ധതി കാസർഗോഡ് ജില്ലയിലും, കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി കോട്ടയം,ആലപ്പുഴ എന്നീ ജില്ലകളിലായി 40 ലക്ഷം രൂപ അടങ്കൽ തുക വരുന്ന പദ്ധതിയും മത്സ്യഫെഡ് നടപ്പിലാക്കിയിരുന്നു. പരമ്പരാഗത മത്സ്യത്തൊഴിലാളികളും ഉൾപ്പെടുന്ന സ്വയം സഹായ സംഘങ്ങൾ വഴിയാണ് ടി രണ്ട് പദ്ധതികളും നടപ്പിലാക്കിയത്. ഉൾനാടൻ മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ 2012-15 വർഷത്തിൽ നടപ്പിലാക്കി വരുന്ന മത്സ്യസമൃദ്ധി പദ്ധതിയിലൂടെ കുളങ്ങളിലേയും ഇതര ജലസംഭരണികളിലേയും ശുദ്ധജല മത്സ്യകൃഷിക്കും പാടശേഖരങ്ങളിലെയും കോൾപാടങ്ങളിലേയും മത്സ്യ/ആറ്റുകൊഞ്ച് കൃഷി/സംയോജിത മത്സ്യകൃഷിക്കുമായി ഒരു ഹെക്ടറിന് 10,000 രൂപ സബ്സിഡിയും പൊക്കാളി/കൈപ്പാട് നിലങ്ങളിലേയും സ്വകാര്യകുളങ്ങളിലെയും ചെമ്മീൻകൃഷിക്ക് ഹെക്ടറിന് 20,000 രൂപയും കല്ലുമ്മേക്കായ (25 ച.മീ) 2500 രൂപയും കരിമീൻ വിത്ത് പരിപാലന യൂണിറ്റുകൾക്ക് |

(പി.എസ്.ആർ.യു) 15,000 രൂപയും കുളത്തിലെ കരിമീൻകൃഷിക്കും കൂടുകളിലെ കരിമീൻ കൃഷിക്കും 25000/- രൂപ വീതവും അട്ടക്കളകുളത്തിലെ കരിമീൻ കൃഷിക്ക് 1000 രൂപയുമാണ് സഹായധനനിരക്ക് അനുവദിച്ചിരിക്കുന്നത്. സംസ്ഥാനത്തെ 14 ഫിഷറീസ് ജില്ലാ ഓഫീസുകൾ മുഖേനയാണ്, പദ്ധതിയിൽ രജിസ്റ്റർ ചെയ്ത സ്വയംസഹായ സംഘങ്ങൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്.

കുട്ടനാടൻ പ്രദേശങ്ങളിൽ 13-ാം ധനകാര്യ കമ്മീഷൻ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി അഡാക്ക് മുഖേന നടപ്പാക്കുന്ന ' ഒരു നെല്ലും ഒരു മീനും പദ്ധതി' പ്രകാരം ഹെക്ടർ ഒന്നിന് പ്രാരംഭ മൂലധനവും പ്രവർത്തന മൂലധനമായി പല ഘടകങ്ങൾക്കായി 1,48,680 രൂപ വരെ സാമ്പത്തിക സഹായം നൽകുന്നു.

കൂടാതെ അഡാക്ക് മുഖേന നടപ്പാക്കുന്ന പൊക്കാളി പാടങ്ങളിലെ പരിസ്ഥിതി സൗഹൃദ ചെമ്മീൻ കൃഷിക്ക് ഹെക്ടർ ഒന്നിന് പരമാവധി സാമ്പത്തിക സഹായമായി 1,32,225/- രൂപയും കോൾ നിലങ്ങളിലെ 'ഒരു നെല്ലും ഒരു മീനും പദ്ധതി'യിൽ ഹെക്ടർ ഒന്നിന് പരമാവധി സാമ്പത്തിക സഹായമായി 2,72,147/- രൂപയും നിറവ് പദ്ധതിയിൽ 1,57,500/- രൂപയും സാമ്പത്തിക സഹായമായി നൽകുന്നു. കണ്ണൂർ,കോഴിക്കോട്,കാസർഗോഡ് ജില്ലകളിലെ കൈപ്പാട് നെല്ലും ചെമ്മീനും പദ്ധതിയിൽ ചെമ്മീൻ കൃഷിക്ക് 5 ഹെക്ടറിൽ വരുന്ന ഒരു യൂണിറ്റിന് പരമാവധി സാമ്പത്തിക സഹായമായി 8,45,625/- രൂപ നൽകുന്നു. വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും സ്വന്തമായി ജലാശയമുള്ള കർഷകർക്കും പാട്ടത്തിനെടുത്ത കർഷകർക്കും പാടശേഖര സമിതികൾക്കും അഡാക്ക് നേരിട്ട് സാമ്പത്തിക സഹായം നൽകുന്നുണ്ട്. പരമ്പരാഗത മത്സ്യത്തൊഴിലാളികളിൽ നല്ലൊരു ശതമാനത്തിനും സ്വയം സഹായസംഘത്തിലെ അംഗങ്ങളല്ല എന്ന കാരണത്താൽ തുക ലഭിക്കുന്നില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 2012 – 2013 കാലയളവിൽ ഉൾനാടൻ മേഖലയിൽ കൂടുകളിൽ മത്സ്യം വളർത്തുന്നതിന് എത്ര സ്വയം സഹായസംഘങ്ങൾക്ക് പണം അനുവദിച്ചു എന്നുപറയാമോ ; ഇതിൽ എത്ര സ്വയം സഹായ സംഘങ്ങൾ ഈ തുകപൂർണ്ണമായും വിനിയോഗിച്ചു എന്നു പറ

(ബി) മത്സ്യകർഷക വികസന ഏജൻസി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ/ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ പദ്ധതി നടത്തിപ്പിന്റെ ചുമതല വഹിക്കുന്ന നോഡൽ ഓഫീസർ, പ്രോജക്റ്റ് അസിസ്റ്റന്റുമാർ എന്നിവരാണ് പദ്ധതി നടത്തിപ്പിന് ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥർ.

യാമോ; ഈ തുക വിതരണം ചെയ്യു ന്നതിന് ആലപ്പുഴ ജില്ലയിൽ ചുമത ലപ്പെടുത്തിയിരുന്ന ഉദ്യോഗസ്ഥർ ആരെല്ലാം ആയിരുന്നു എന്നു പറ യാമോ?

2012-13 കാലയളവിൽ അഡാക്ക് വഴി നടപ്പിലാക്കുന്ന കൂട്ടകളിലെ കരിമീൻ കൃഷി പദ്ധതിയിൽ ആലപ്പുഴ ജില്ലയിൽ മൂന്ന സ്വയം സഹായ സംഘങ്ങൾക്ക സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്. ടി ഗ്രൂപ്പുകൾ കൂട്ടകളിൽ കരിമീൻ മത്സ്യകുഞ്ഞുങ്ങളെ സ്റ്റോക്ക് ചെയ്ത് പരിപാലിച്ച വരുന്നു. ആലപ്പുഴ ജില്ലയിൽ അഡാക്ക് റീജിയണൽ എക്സിക്യൂട്ടീവ് ആണ് ഈ സാമ്പത്തിക സഹായം വിതരണം ചെയ്യുന്നത്.

മത്സ്യഫെഡ് 2012-13 കാലയളവിൽ ഉൾനാടൻ മേഖലയിൽ കൂട്ടകളിൽ മത്സ്യം വളർത്തുന്നതിന് രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിൽ 7 സ്വയം സഹായ സംഘങ്ങൾ ക്കായി 11.83 ലക്ഷം രൂപ അനുവദിച്ച നൽകിയിട്ടുണ്ട്. ഇതിൽ എല്ലാ സ്വയം സഹായ സംഘങ്ങളും തുക പൂർണ്ണമായും വിനിയോഗിച്ചു.

സെക്ഷൻ ഓഫീസർ

**Development of Freshwater Aquaculture (FFDA's) – On going component**

| Sr. No. | Description of items | Rate |
|---|---|---|
| 1. | Construction of new ponds/tanks | Rs.3 lakh per ha in the plain areas. Subsidy @ 20% with a ceiling of Rs.60,000/-ha for all farmers except SCs/STs for whom it will be Rs.75,000/ha (25%).<br><br>Rs.4 lakh/ha in the hill States/Districts and North-Eastern region. Subsidy @ 20% with a ceiling of Rs.80000/ha for all farmers except SCs/STs for whom it will be Rs.1,00,000/ha (25%). |
| 2. | Reclamation/ Renovation of ponds / tanks | Rs.75,000/ha. Subsidy @ 20% with a ceiling of Rs.15,000/ha for all farmers except SCs/STs for whom it will be Rs.18,750/ha (25%). |
| 3. | Cost of inputs | a) Finfish Culture – Rs.50,000/ha. Subsidy @ 20% with a ceiling of Rs.10,000/ha for all farmers except SCs/STs for whom it will be Rs.12,500/ha (25%)<br>b) Freshwater prawn/trout culture-Unit cost Rs.1.8 lakh/ha. Subsidy @ 20% with a ceiling of Rs.36,000/- per ha except for SC/ST for whom it will be Rs.45,000/ha @ 25%. |
| 4. | Freshwater fish seed hatchery | Rs.12 lakh for a fish seed hatchery with 10 million (fry) capacity for the plain areas and Rs.16 lakh for same capacity in the hill States/Districts and North-Eastern Region. Subsidy @ 10% with a ceiling of Rs.1.2 lakh and Rs.1.6 lakh in the plain and hilly areas respectively to entrepreneurs only. |
| 5. | Fish feed units | Small Units-Unit cost is Rs.7.5 lakh with a capacity of 1.2 quintals/day. The subsidy would be @ 20% with a ceiling of Rs.1.5 lakh per unit to entrepreneurs. |

| | | |
|---|---|---|
| 6. | Establishment of trout and freshwater prawn seed hatchery | (i) Unit cost of Rs.30 lakh for a large freshwater prawn hatchery with a minimum capacity of 25 million PL/year. This would be one time grant to the States for establishment of hatchery at State level.<br><br>(ii) Unit cost is Rs.12.0 lakh for a small hatchery of 5-10 million PL/year capacity. Subsidy @ 20% with a ceiling of Rs.2.40 lakhs to entrepreneurs as one time grant. |
| 7. | Provision of soil and water testing kits to each FFDA | Unit cost of each Soil and Water Testing Kit at Rs.40,000. The kits are sanctioned once to each FFDA as one time grant. |
| 8. | Setting up of integrated units, including hatcheries for ornamental fishes | Unit cost is Rs. 15 lakh, which include hatchery of 5-10 m (fry) capacity.<br>Subsidy @ 10% with a maximum ceiling of Rs. 1.50 lakh to all categories of fish farmers. |
| 9. | Brood banks for ornamental fishes | Rs.25 lakh per unit including a farm, transport arrangements for dissemination. Available for the State Governments. |
| 10 | Ornamental/fish seed certification | Rs.25 lakh per unit including fish holding facilities and disease diagnostic laboratories. Available for the State Governments. |
| 11 | Transportation of fish/prawn seed | This will be applicable only for the hill states/districts and North-eastern region.<br>Subsidy @ Rs.30 for 1,000 fry transported to all FFDAs. Not applicable to individual fish farmers |
| 12 | Purchase of vehicle | 50% cost of vehicle for each new FFDA and 50% cost for the replaced vehicle (second vehicle) |

- Expenditure on all items above except purchase of vehicles (item No.12) will be shared on 75:25 basis between Government of India and State. In case of UTs, expenditure will be borne to the extent of 100 per cent.

- The above assistance under FFDA programme is available only once to a beneficiary.

- Subsidy for the construction of new ponds and tanks, reclamation/renovation of ponds/tanks and first year inputs to an individual beneficiary up to 5 ha is available with or without institutional finance in the plain areas and 1.0 ha in the hill States/Districts on pro-rata basis.

**Development of Brackishwater Aquaculture – On going component**

| Sr. No. | Description of Items | Rate |
|---|---|---|
| 1. | Renovation or construction of brackishwater fish farms | Beneficiaries will be small shrimp farmers having land holding of 2 ha or less.<br>25% cost subject to a maximum of Rs.60,000/- per ha as subsidy. |
| 2. | Establishment of Demonstration-cum-Training center | One time GOI's share of grants amounting to Rs.5.00 lakh. |
| 3. | Network of Diagnostic Laboratories for Aquatic Animal Health | 100% expenditure will be incurred by the Centre. |

Expenditure on items 1 to 2 above will be shared on 75:25 basis between Govt. of India and States. In case of UTs, expenditure will be borne to the extent of 100 per cent. On item Nos. 3, 100% expenditure will be borne by GOI.

**Inland Capture Fisheries (Reservoirs/Rivers etc.) – On going component**

| Sr. No. | Description of Items | Rate |
|---|---|---|
| 1. | Fish Seed Rearing Units/Seed Rearing Units | Unit cost Rs.3.0 lakh/ha Subsidy @ 20% to the beneficiary/State Government/FISHCOPFED etc. with a ceiling of Rs.60,000/- per ha |
| 2. | Cages/pens with inputs One cage (3x3x2) one | Unit cost Rs.25,000/- Subsidy @ 20% to the beneficiary/State Government/FISHCOPFED etc. with a ceiling of Rs.5,000/- per unit. |
| | Input cost (seed, feed, manures, fertilizers, preventive measures for disease etc.) | Unit cost Rs.30,000/- per ha(one time) Subsidy @ 20% to the beneficiaries/State Government/FISHCOPFED with a ceiling of Rs.6000/- per ha |
| 3. | Craft and gear (nets, boats etc.). This should be shared by group of beneficiary | Unit cost Rs. 15,000/- Subsidy @ 20% with a ceiling of Rs. 3,000/- per unit |
| 4. | Construction of landing centers | Unit cost Rs. 1,00,000/- per landing center. Assistance to State Government. |
| 5. | Riverine Fisheries Conservation and Awareness Programme | Financial assistance to State Government for conservation/river ranching etc. with a maximum ceiling of Rs. 2 lakh in a year |

Expenditure on all above items will be shared on 75:25 basis by Centre or State.